**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. T 4699** — **05.02.2014 - ൽ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പാ അദാലത്തുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) എ. പി. എൽ. വിഭാഗത്തിൽ-പ്പെട്ടവർക്ക് വിദ്യാഭ്യാസ വായ്പയുടെ പലിശ ഒഴിവാക്കി ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) 01.04.2004 – 31.03.2009 കാലയളവിൽ വിദ്യാഭ്യാസ വായ്പ എടുത്ത 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള തൊഴിൽ രഹിതർക്ക് പലിശയിളവ് നൽകാനായി സ്കീം അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി അപേക്ഷകർ എന്ത് നടപടിക്രമങ്ങളാണ് പാലിക്കേണ്ടത് എന്ന് അറിയിക്കാമോ; | (ബി) പലിശ സബ്സിഡി ആഗ്രഹിക്കുന്നവർ നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br><br>ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31.05.2013 ആയിരുന്നു. |

(---------2)

എന്നാൽ ഈ വിഭാഗത്തിൽപ്പെട്ടവർ സമർപ്പിക്കേണ്ട കോഴ്സ് സർട്ടിഫിക്കറ്റ് സംബന്ധിച്ച വ്യവസ്ഥകൾക്ക് ഇളവ് വരുത്തിയതിനാൽ ബി.പി.എൽ., 3 ലക്ഷം രൂപ വരെ കുടുംബ വരുമാനമുള്ളവർ പലിശയിളവിനായി അപേക്ഷ സമർപ്പിക്കേണ്ട തീയതി 28.02.2014 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

ജില്ലാ കളക്ടർ അപേക്ഷ സ്വീകരിച്ച് പരിഗണനാർഹമായ അപേക്ഷയുടെ ഓരോ പകർപ്പ് ലീഡ് ബാങ്ക് ഡിസ്ട്രിക്റ്റ് മാനേജർ മുഖാന്തിരം ബന്ധപ്പെട്ട ബാങ്കുകൾക്ക് അയച്ചുകൊടുക്കണം. ബന്ധപ്പെട്ട ബാങ്ക് പലിശ കണക്കാക്കി ക്ലെയിം സർട്ടിഫിക്കറ്റ് ലീഡ് ബാങ്ക് ഡിസ്ട്രിക്റ്റ് മാനേജർ വഴി ജില്ലാ കളക്ടർമാരെ അറിയിക്കണം. ജില്ലാ കളക്ടർ ഓരോ അപേക്ഷയും നിയമാനുസൃതം പരിശോധിച്ച് അനുവദനീയമായ തുക പാസ്സാക്കി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിനെ അറിയിക്കണം. തുടർന്ന് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് ധന – വകുപ്പിന്റെ അനുമതിയോടെ ആവശ്യ- മായ ഫണ്ട് ജില്ലാ കളക്ടർമാർക്ക് കൈമാറുകയും, ജില്ലാ കളക്ടർ ഇ–പേയ്മെന്റ് വഴി അപേക്ഷകരുടെ വായ്പ അക്കൗണ്ടിലേയ്ക്ക് പലിശയിനത്തിലുള്ള തുക വകയിരുത്തുകയും ചെയ്യുന്നു.

(---------3)

(സി) എല്ലാ ജില്ലകളിലും വിദ്യാഭ്യാസ വായ്പാ അദാലത്തുകൾ സംഘടിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

(സി) വിദ്യാഭ്യാസ വായ്പ സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഒരു സമിതി നിലവിലുണ്ട്. ഈ സമിതിയുടെ കൺവീനർ ലീഡ് ബാങ്ക് മാനേജരാണ്. ജില്ലയിലെ പ്രമുഖ ബാങ്കുകളും, ആസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥനും ഇതിലെ മെമ്പർമാരാണ്. സമിതിയുടെ യോഗം ആവശ്യാനുസരണം നടത്തി വിദ്യാഭ്യാസ വായ്പ സംബന്ധിച്ച പരാതികൾക്ക് പരിഹാരം കാണാറുണ്ട്. അതിനാൽ വിദ്യാഭ്യാസ വായ്പ അദാലത്തുകൾ സംഘടിപ്പിക്കേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

സെക്ഷൻ ഓഫീസർ